പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2153 — 13.6.2019 ൽ മറുപടിയ്ക്ക്

# ഓട്ടിസം ബാധിച്ചവരുടെ നൈപുണ്യ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ നേരിടുന്ന മാനസിക, സാമ്പത്തിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതി പ്രകാരം നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഓട്ടിസം ബാധിച്ച കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയ വിനിമയ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും ലഭ്യമാക്കലും, ഓട്ടിസം കുട്ടികളുടെ നൈപുണ്യ വികസനം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.<br>സ്പെക്ട്രം (SPECTRUM) പദ്ധതിയിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി) പ്രസ്തുത കുട്ടികൾക്കായുള്ള തെറാപ്പി സെന്ററുകൾ നിലവാരം കുറഞ്ഞവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്. സംസ്ഥാനത്ത് അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പി നൽകുന്ന കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിനായി പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തെറാപ്പിസ്റ്റുകൾ, സേവനങ്ങൾ തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) ഓട്ടിസം ബാധിച്ചവരുടെ നൈപുണ്യ വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; അവ എത്രമാത്രം പ്രയോജനപ്രദമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) ഓട്ടിസം ബാധിച്ചവരുടെ നൈപുണ്യ വികസനത്തിനായി NGO സഹകരണത്തോടെ തൊഴിൽ പരിശീലനം, Computer Data Entry പരിശീലനം, തെറാപ്പി സൗകര്യമുൾപ്പെടുത്തിയുള്ള പകൽ പരിപാലനം എന്നിവ നൽകി വരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയിലൂടെ പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓട്ടിസം ബാധിതരുടെ നൈപുണ്യ വികസനത്തിനായി ഇവരുടെ രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഒരു നൈപുണ്യ വികസന പരിപാടി "സ്പെക്ട്രം" പദ്ധതിയിലൂടെ നടപ്പാക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓട്ടിസം ബാധിച്ച കുട്ടികളുടെ ആശയവിനിമയക്ഷമത വർദ്ധിപ്പിക്കുന്നതിനും, അവരുടെ നൈപുണ്യവികസനത്തിനും സഹായകരമായ രീതിയിലാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>സ്പെക്ട്രം (**SPECTRUM**) പദ്ധതിയിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ</u>

1. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANS -ലും ഓട്ടിസം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്യൂപേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനവും ഈ സെന്ററിലൂടെ ലഭ്യമാക്കുന്നു.

2. ഗുണനിലവാരം ഉറപ്പാക്കുന്ന തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്ത സ്വകാര്യ തെറാപ്പി സെന്ററുകൾ ഉൾപ്പെടെയുള്ളവയുടെ സേവനം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

3. ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ (NIPMR) റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോട് കൂടിയ റീഹാബിലിറ്റേഷൻ സെന്റർ, സെൻസറി ഗാർഡൻ, ആധുനിക സൗകര്യങ്ങളോട് കൂടിയ വിർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റ് എന്നീ സംവിധാനങ്ങളിലൂടെയുള്ള തെറാപ്പി സൗകര്യം എന്നിവ ഈ കേന്ദ്രത്തിലൂടെ ഇപ്പോൾ ലഭ്യമാകുന്നു.

4. ഓട്ടിസം മേഖലയിൽ വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പീഡീയാട്രീഷ്യൻമാർ, ഫിസിയാട്രിസ്റ്റ്കൾ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

5. ഓട്ടിസം ഉള്ളവരുടെ ആശയവിനിമയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പ്രത്യേക ആശയവിനിമയ ഉപാധികൾ വികസിപ്പിച്ച് വ്യാപിപ്പിക്കാനുള്ള പദ്ധതി (പൈലറ്റായി) നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

6. ഓട്ടിസമുള്ളവരെ അവരുടെ മാതാപിതാക്കളെകൂടി ഉൾപ്പെടുത്തികൊണ്ട് നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

7. ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ പരിശീലനവും ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് കഴിയുന്ന വിധത്തിൽ മാതാപിതാക്കളെ ശാക്തീകരിക്കുന്നതിനുള്ള പരിശീലനം നൽകുന്ന പരിപാടി പൈലറ്റായി മലപ്പുറം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്

Geethe